പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6453 — 21.11.2019 ൽ മറുപടിക്ക്

## രാജ്യറാണി എക്സ്പ്രസ്സ് ട്രെയിൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂരിൽ നിന്ന് തിരുവനന്തപുരത്തേക്കും, തിരിച്ചുമുള്ള രാജ്യറാണി എക്സ്പ്രസ്സ് ട്രെയിൻ കൊച്ചുവേളി വരെ മാത്രം സർവ്വീസ് നടത്തുന്നത് മൂലം യാത്രക്കാർക്കുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും (ഡി) യും | നിലമ്പൂർ - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം യാത്രക്കാർക്ക് തിരുവനതപുരം നഗരത്തിൽ എത്തിച്ചേരുവാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി ട്രെയിൻ തിരുവനന്തപുരം വരെ നീട്ടണമെന്ന് റെയിൽവേയോട് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ ടെർമിനലുകളുടെ അപര്യാപ്തത കാരണം ഈ നിർദ്ദേശം പ്രായോഗികമല്ല എന്ന നിലപാടാണ് റെയിൽവേ കൈക്കൊണ്ടിട്ടുള്ളത്.<br>നിലവിൽ രാജ്യറാണി എക്സ്പ്രസിൽ കൊച്ചുവേളി റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേരുന്ന യാത്രക്കാർക്ക് മതിയായ യാത്ര സൗകര്യം കെ.എസ്.ആർ.ടി.സി ഒരുക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി രാവിലെ 2 എ.സി ജൻറം ബസ്സുകളും, ഒരു സിറ്റി ഫാസ്റ്റ് ബസ്സും, രാത്രി 3 സിറ്റി ഫാസ്റ്റ് സർവ്വീസുകളും ക്രമീകരിച്ചിട്ടുണ്ട്. ഇവയ്ക്ക് റെയിൽവേ സ്റ്റേഷന്റെ ടെർമിനൽ 1ൽ (മാധവപുരം) സ്റ്റോപ്പ് അനുവദിച്ചിട്ടുള്ളതുമാണ്. കൂടാതെ കൊച്ചുവേളി റെയിൽവേ സ്റ്റേഷൻ അധികാരികൾ ആവശ്യപ്പെടുന്ന സമയത്തും കെ.എസ്.ആർ.ടി.സി അധിക സർവ്വീസുകൾ നടത്തി വരുന്നുണ്ട്.<br>സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ വരെ നീട്ടുന്ന കാര്യത്തിൽ റെയിൽവേയുടെ ഭാഗത്ത് നിന്ന് അനുഭാവപൂർണമായ സമീപനം കൈക്കൊള്ളുമെന്ന് കരുതുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ LHB കോച്ചുകൾ ഉള്ള ട്രെയിൻ ഓടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ട്രെയിനുകളിൽ ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ എൽ.എച്ച് ബി (LHB) കോച്ചുകൾ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മലപ്പുറം, പാലക്കാട് ജില്ലകളിൽ നിന്നുള്ള കാൻസർ രോഗികളുൾപ്പെടെയുള്ള യാത്രക്കാർ കൊച്ചുവേളിയിൽ ഇറങ്ങി യാത്രാ സൗകര്യങ്ങളില്ലാതെ ബുദ്ധിമുട്ടുന്നത് പരിഹരിക്കാൻ ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്നറിയിക്കാമോ; | | |
| (സി) | രാജ്യറാണി ട്രെയിൻ തിരുവനന്തപുരം സെൻട്രൽ സ്റ്റേഷൻ വരെ നീട്ടാൻ സാധിക്കുമോ; സർക്കാർ ഇതിനുവേണ്ടി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ; | | |
| (ഡി) | രാജ്യറാണി ട്രെയിനിൽ പുതിയ കോച്ചുകൾ ഉപയോഗിക്കാൻ കഴിയുമോ; ഇതിനുവേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ